# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 87 — 30/11/2018-ൽ മറുപടിയ്ക്ക്

## അട്ടപ്പാടി സംയോജിത ട്രൈബൽ വികസന ഫണ്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി.മമ്മൂട്ടി<br>,, എൻ. ഷംസുദ്ദീൻ<br>,, ടി. വി. ഇബ്രാഹിം<br>,, കെ.എൻ.എ ഖാദർ : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | അട്ടപ്പാടി സംയോജിത ട്രൈബൽ വികസന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നില്ല എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അട്ടപ്പാടി സംയോജിത ട്രൈബൽ വികസന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നില്ലെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ ഇന്റേണൽ ആഡിറ്റിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പദ്ധതി തുക ചട്ടവിരുദ്ധമായി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടോ; | (ബി) | മുൻവർഷങ്ങളിൽ ട്രഷറി സേവിംഗ്സ് ബാങ്കുകളിൽ സർക്കാർ അനുമതിയോടുകൂടി ചട്ടപ്രകാരം തന്നെ തുക ക്രെഡിറ്റ് ചെയ്തിരുന്നു. എന്നാൽ 2018-19-ൽ ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് സർക്കാർ അനുമതി ഇല്ലാത്തതിനാൽ ടി വർഷം ഇത്തരത്തിൽ ട്രഷറി സേവിംഗ്സ് ബാങ്കിലും വാണിജ്യ ബാങ്കുകളിലും തുക നിക്ഷേപിച്ചിട്ടില്ല. |
| (സി) | അട്ടപ്പാടി സംയോജിത ട്രൈബൽ വികസന ഫണ്ട് ചെലവഴിക്കുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചതായി വകുപ്പുതല ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | ഉണ്ട്.<br>2016-17 സാമ്പത്തിക വർഷം അട്ടപ്പാടി ഐ.ടി.ഡി.പി ആഫീസിന്റെ അധികാര പരിധിയിൽ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ബജറ്റ് വിഹിതത്തിൽ ഉൾക്കൊള്ളിച്ച് വിവിധ ശീർഷകങ്ങളിൽ അനുവദിച്ച് (പ്ലാൻ, നോൺ പ്ലാൻ) നൽകിയ 9,90,19,717/- രൂപ ട്രഷറി ക്യൂവിൽപ്പെടുകയും ആയത് 2017-18 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും കണ്ടെത്തി പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 2016-17 കാലയളവിൽ അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതി നിർവ്വഹണ ചുമതല ഗ്രാമ വികസന വകുപ്പിലെ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർക്കായിരുന്നു. മേൽ സാഹചര്യം കൂടി കണക്കിലെടുത്ത് ഫണ്ട് വിനിയോഗത്തിലെ പോരായ്മകൾ |

| | | | |
|---|---|---|---|
| | | | പരിഹരിക്കുന്നതിനായും അട്ടപ്പാടിയിലെ പ്രവർത്തനങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കാര്യക്ഷമമായ ഇടപെടൽ സാധ്യമാക്കുന്നതിനു മായും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഒരു ഡെപ്യൂട്ടി ഡയറക്ടർ പദവിയിലുള്ള ഉദ്യോഗസ്ഥനെ അട്ടപ്പാടി ഐ.റ്റി.ഡി.പി പ്രോജക്റ്റ് ഓഫീസറായി നിയമിക്കുകയുണ്ടായി ഇതിന്റെ ഫലമായി പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ